**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2316.** **01.04.2013 -ൽ മറുപടിയ്ക്ക്**

## മന്തുരോഗ പ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് മന്തുരോഗ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലായെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ബി) | മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ അഭാവംമൂലം മന്തുരോഗം പരത്തുന്ന കൊതുകുകൾ വ്യാപകമാകുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | മന്തുരോഗം പരത്തുന്ന ക്യൂലക്സ് കൊതുകുകൾ മലിനജലത്തിലാണ് കൂടുതലും വളരുന്നത്. മാലിന്യ സംസ്കരണം വേണ്ട രീതിയിൽ നടക്കാത്തതുമൂലം ഈ കൊതുകുകളുടെ വർദ്ധനവ് ഉണ്ടാകാറുണ്ട്. ഇതു തടയുവാൻ മലിനജലം കെട്ടിനിൽക്കുന്ന എല്ലാ സ്ഥലത്തും ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂത്താടി നാശിനി തളിക്കുന്ന പ്രവർത്തനം നടത്തിവരുന്നു. ഇത്തരം ജലശേഖരങ്ങളിൽ തളിക്കുവാൻ അനുയോജ്യമായ ബാസ്സില്ലസ് തുറിജിയൻസിസ് എന്ന ഒരു കൂത്താടി നാശിനിയാണ് ഉപയോഗിക്കുന്നത്. കൂടാതെ മാലിന്യ സംസ്കരണം ഊർജിതമായി നടപ്പിലാക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും മറ്റും ബന്ധപ്പെട്ട വകുപ്പുകളുടെയും പ്രതിനിധി/ ഉദ്യോഗസ്ഥരുടെ യോഗം 27.02.2013 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചു ചേർത്ത് ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശം നൽകി. |

സി) 2011 - 13 വർഷങ്ങളിലായി സംസ്ഥാനത്താകമാനം എത്ര പേർക്ക് മന്തുരോഗം റിപ്പോർട്ട് ചെയതിട്ടുണ്ടെന്നും ഏതെല്ലാം ജില്ലകളിലാണെന്നും പ്രത്യേകം വെളിപ്പെടുത്തുമോ?

സി) ജില്ല തിരിച്ചുള്ള സ്ഥിതിവിവരകണക്ക് ചുവടെ ചേർക്കുന്നു.

| നം | ജില്ല | മന്ത് രോഗികളുടെ എണ്ണം | | |
|---|---|---|---|---|
| | | 2011 | 2012 | 2013 (28/2/2013വരെ) |
| 1 | തിരുവനന്തപുരം | 80 | 43 | 07 |
| 2 | കൊല്ലം | 08 | 21 | 22 |
| 3 | ആലപ്പുഴ | 07 | 55 | 05 |
| 4 | ഇടുക്കി | 18 | 01 | 0 |
| 5 | പത്തനംതിട്ട | 29 | 03 | 05 |
| 6 | കോട്ടയം | 0 | 44 | 14 |
| 7 | എറണാകുളം | 0 | 09 | 0 |
| 8 | തൃശ്ശൂർ | 17 | 84 | 16 |
| 9 | പാലക്കാട് | 37 | 43 | 06 |
| 10 | മലപ്പുറം | 14 | 174 | 15 |
| 11 | കോഴിക്കോട് | 32 | 16 | 0 |
| 12 | വയനാട് | 0 | 24 | 04 |
| 13 | കണ്ണൂർ | 05 | 20 | 01 |
| 14 | കാസറഗോഡ് | 12 | 09 | 07 |
| ആകെ | | **259** | **546** | **102** |

സെക്ഷൻ ഓഫീസർ